# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ
## DIPLOMA IN ELEMENTARY EDUCATION D.El.Ed.

**സെമസ്റ്റർ – 3**

**പേപ്പർ – 301**

**വിദ്യാഭ്യാസമനശ്ശാസ്ത്രം –പ്രായോഗിക അനുഭവങ്ങൾ (I)**

**സെമസ്റ്റർ – 4**

**പേപ്പർ –401**

**വിദ്യാഭ്യാസമനശ്ശാസ്ത്രം –പ്രായോഗിക അനുഭവങ്ങൾ (II)**

കേരളസർക്കാർ
**പൊതുവിദ്യാഭ്യാസവകുപ്പ്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**
**2021**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT

©
Department of Education
Government of Kerala

# ആമുഖം

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിവരുന്ന കേരളത്തിലെ എലിമെന്ററി അധ്യാപക പരിശീലന കോഴ്സ് ആയ ഡിപ്ലോമ ഇൻ എജ്യുക്കേഷൻ (ഡി.എഡ്) 2018 – 19 അധ്യയന വർഷം മുതൽ ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ (ഡി.എൽ.എഡ്) ആയി മാറിയിരിക്കുകയാണ്. എൻ.സി.ടി.ഇ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഉള്ളടക്കത്തിലും വിനിമയത്തിലും കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കോഴ്സിന്റെ പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്.

അധ്യാപക പരിശീലന പാഠ്യപദ്ധതി പരിഷ്ക്കരിക്കുമ്പോൾ ഇതു വിനിമയം ചെയ്യുന്നതിനാവശ്യമായ റഫറൻസ് സാമഗ്രികളുടെ അഭാവം പ്രശ്നമായി ഉയർന്നു വരാറുണ്ട്. ഇതു പരിഹരിക്കുന്നതിനുവേണ്ടി പാഠ്യപദ്ധതിയോടൊപ്പം അധ്യാപക വിദ്യാർഥികൾക്കുള്ള പഠന പിന്തുണാസഹായിയും എസ്.സി.ഇ.ആർ.ടി. തയാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥി സൗഹൃദ സ്വഭാവം പുലർത്തുന്നതും തുടർവായനയിലേക്കും അന്വേഷണത്തിലേക്കും നയിക്കുന്നതുമാണ് ഈ പഠന സഹായി. ഓരോ വിഷയത്തിലേയും പഠനത്തിനു സ്വീകരിക്കാവുന്ന അന്വേഷണ രീതികളും അവശ്യ വിവരങ്ങളും ഇതിലുണ്ട്. ഇതിൽ ഉള്ളടക്ക വിശദാംശങ്ങൾ, തുടർപ്രവർത്തനസൂചനകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനപിന്തുണാസഹായി കാര്യക്ഷമമായി ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. ജെ പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി

## Prepared by

1. **Dr. P. Sasidharan**
   Senior Lecturer, DIET Palakkad

2. **Sri.Hakkim.N.**
   Senior Lecturer, DIET Kollam

3. **Sri. P.L. Vijayakumar**
   Senior Lecturer, DIET Thiruvananthapuram

4. **Sri. P. Raghavan**
   Teacher Educator, GTTI Mathamangalam

5. **Smt. Prameela P.K**
   Teacher Educator, GTTI (W) Nadakkavu, Kozhikode

6. **Sri. Muhammed Mansoor . A**
   Teacher Educator, GTTI Alappuzha

## Expert

1. **Dr. P. Sudhir**
   Emeritus Professor, Gandhigram University

2. **Dr. K. Ramakrishnan**
   Associate Professor (Rtd.), GCTE Kozhikode

3. **Dr. T.V Kunhiraman**
   Former Principal, Govt. Brennen College of Teacher Education
   Thalassery

4. **Dr. Arun Kumar. P**
   Assistant Professor, Govt. Brennen College of Teacher
   Education, Thalasseri

## Subject Coordinator

**Sri. Sajeev Thomas**
Research Officer, SCERT

## Academic Coordinator

**Smt. Deepa.N.Kumar**
Research Officer, SCERT

# ഉള്ളടക്കം


**സെമസ്റ്റർ – 3**

**പേപ്പർ – 301 വിദ്യാഭ്യാസമനശ്ശാസ്ത്രം – പ്രായോഗിക അനുഭവങ്ങൾ (I)**

വിദ്യാഭ്യാസ മനശ്ശാസ്ത്രം– പ്രായോഗിക അനുഭവങ്ങൾ – I

**സെമസ്റ്റർ – 4**

**പേപ്പർ – 401 വിദ്യാഭ്യാസമനശ്ശാസ്ത്രം – പ്രായോഗിക അനുഭവങ്ങൾ (II)**

വിദ്യാഭ്യാസ മനശ്ശാസ്ത്രം– പ്രായോഗിക അനുഭവങ്ങൾ – II

# സെമസ്റ്റർ - 3

**പേപ്പർ – 301**

**പേപ്പർ – 301 വിദ്യാഭ്യാസമനശ്ശാസ്ത്രം – പ്രായോഗിക അനുഭവങ്ങൾ (I)**

വിദ്യാഭ്യാസ മനശ്ശാസ്ത്രം– പ്രായോഗിക അനുഭവങ്ങൾ – I

# വിദ്യാഭ്യാസ മനശ്ശാസ്ത്രം- പ്രായോഗിക അനുഭവങ്ങൾ -1

വിദ്യാഭ്യാസ മനശ്ശാസ്ത്രം- പ്രായോഗിക അനുഭവങ്ങൾ -1 എന്ന പേപ്പറുമായി ബന്ധപ്പെട്ട് സ്കൂൾ ഇന്റേൺഷിപ്പ് സമയത്ത് ചെയ്യാനുള്ള ചില പ്രായോഗിക പ്രവർത്തനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ടാണ് സി.ഇ. സ്കോർ (10 സ്കോർ) നൽകുന്നത്.

**പ്രവർത്തനം: 1**

**ഉള്ളടക്ക മേഖല:** ശിശുവികാസം - കുട്ടികളുടെ സമഗ്ര വികാസത്തിൽ കളികളുടെ പ്രസക്തി. (സെമസ്റ്റർ - 1)

**1. സാമഗ്രികൾ**

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലഘുകളികളുടെ പ്രവർത്തന പാക്കേജ്.- മലയാളം, ഇംഗ്ലീഷ്, പരിസരപഠനം, ഗണിതശാസ്ത്രം, പ്രവൃത്തി വിദ്യാഭ്യാസം ഇവയിൽ ഏതെങ്കിലും മൂന്ന് വിഷയങ്ങളുമായി ബന്ധപ്പെട്ട കളികൾ ഉൾപ്പെടുത്തേണ്ടതാണ്.

**2. വിശകലന ടൂൾ**

പ്രക്രിയ : അധ്യാപികയുടെ മേൽനോട്ടത്തിൽ മുൻകൂട്ടി തയ്യാറാക്കിയ പ്രവർത്തനക്രമം അനുസരിച്ചുള്ള കളികളിൽ ഏർപ്പെടുന്നത് ഭാഷാവികാസം, സാമൂഹികവികാസം, വൈജ്ഞാനിക വികാസം, സാൻമാർഗിക വികാസം, വൈകാരിക വികാസം എന്നിവയെ എത്രമാത്രം സഹായിക്കുന്നുവെന്ന് സൂക്ഷ്മതലത്തിൽ വിശകലനടൂൾ ഉപയോഗിച്ച് വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നു.

*ഉൽപ്പന്നം:* വിശകല റിപ്പോർട്ട്

**പ്രവർത്തനം : 2**

**ഉള്ളടക്ക മേഖല :** പഠനം - ജ്ഞാന നിർമ്മിതിവാദം/ സാമൂഹിക ജ്ഞാനനിർമിതി വാദം (സെമസ്റ്റർ - 2)

**1. സാമഗ്രികൾ**

വർക്ക്ഷീറ്റുകൾ, ജ്ഞാനനിർമിതി വാദ/ സാമൂഹ്യജ്ഞാന നിർമ്മിതിവാദ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ സൂക്ഷ്മതലത്തിൽ വിശകലനം ചെയ്യുവാൻ ആവശ്യമായ വർക്ക്ഷീറ്റുകൾ മുൻകൂട്ടി തയ്യാറാക്കേണ്ടതാണ്.

**2. വിശകലന ടൂൾ**

പ്രക്രിയ: സ്കൂൾ ഇന്റേൺഷിപ്പ് സമയത്ത് സഹപഠിതാക്കളുടെ ക്ലാസ്സുകൾ നിരീക്ഷിക്കുന്നു. ക്ലാസ്സ്റൂം പ്രക്രിയകൾ തത്സമയം സൂക്ഷ്മതലത്തിൽ രേഖപ്പെടുത്തുന്നു. ജ്ഞാന നിർമ്മിതി/ സാമൂഹ്യജ്ഞാന നിർമ്മിതി വാദത്തിൽ അധിഷ്ഠിതമായ ക്ലാസിന്റെ രീതിശാസ്ത്രവുമായി നിരീക്ഷിച്ച ക്ലാസ്സുകൾ എത്രത്തോളം പൊരുത്തപ്പെടുന്നുവെന്ന് മുൻകൂട്ടി തയ്യാറാക്കിയ വർക്ക്ഷീറ്റ് ഉപയോഗിച്ച് വിശകലനം ചെയ്യുന്നു. ക്ലാസ്സ് മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സഹപഠിതാവുമായി ചർച്ചചെയ്യുന്നു.

ഉൽപ്പന്നങ്ങൾ : പൂർത്തിയാക്കിയ വർക്ക്ഷീറ്റുകൾ, വിശകലന റിപ്പോർട്ട്

**പ്രവർത്തനം – 3**

**ഉള്ളടക്ക മേഖല** : പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ – ഓർമ (സെമസ്റ്റർ 2)

**1. സാമഗ്രികൾ**

മുൻകൂട്ടി തയ്യാറാക്കിയ ടൂളുകൾ.

**2. വിശകലന ടൂൾ**

പ്രക്രിയ: ഒരു വ്യക്തിക്ക് ഓർമയിൽ സൂക്ഷിക്കുവാൻ കഴിയുന്ന വസ്തുതകളുടെ എണ്ണം മനസ്സിലാക്കുന്നതിന് സഹായകമായ ഒരു ടൂൾ തയ്യാറാക്കി സ്കൂൾ ഇന്റേൺഷിപ്പ് സമയത്ത് ക്ലാസ് 3 അല്ലെങ്കിൽ 4 ൽ പ്രയോഗിക്കുന്നു. ശേഖരിച്ച വിവരങ്ങളെ വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നു.

ഓർമ പരിശോധിക്കുന്നതിനായുള്ള ഒരു ടൂൾ (span of memory test) അനുബന്ധമായി നൽകിയിട്ടുണ്ട്. സമാനമായ മറ്റ് ടൂളുകളും ഉപയോഗിക്കാവുന്നതാണ്.

ഉൽപ്പന്നം: പരീക്ഷണ റിപ്പോർട്ട്.

**അനുബന്ധം – 1**

## Span of memory test

### Aim of experiment

ഒരു വ്യക്തിക്ക് ഓർമയിൽ അൽപനേരത്തേക്ക് സൂക്ഷിക്കുവാൻ കഴിയുന്ന വസ്തുതകളുടെ എണ്ണം മനസിലാക്കുന്നതിന്.

ഗ്രൂപ്പിലെ വ്യക്തികളുടെ ഓർമ താരതമ്യം ചെയ്യുന്നതിന്.

### Related theory

ഒരു വ്യക്തിക്ക് അൽപനേരത്തേക്ക് 7 വിഭിന്ന വസ്തുതകൾ ഓർമയിൽ സൂക്ഷിക്കുവാൻ കഴിയുമെന്നും വ്യക്തിവ്യത്യാസത്തിന് അനുസരിച്ച് 2 എണ്ണം വരെ മാറ്റം വരാം എന്നും കണ്ടെത്തിയിട്ടുണ്ട്.

1887 ൽ ജേക്കബ്സ് എന്ന മനശാസ്ത്രജ്ഞൻ രൂപകൽപ്പന ചെയ്ത വളരെ ലളിതമായ ഈ പരീക്ഷണം ഇന്നും വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്.

### Materials required

3 അക്കങ്ങൾ മുതൽ 12 അക്കങ്ങൾ വരെയുള്ള സംഖ്യകൾ എഴുതിയ കാർഡുകൾ ഒരേ എണ്ണം അക്കങ്ങൾ വരുന്ന രണ്ട് സംഖ്യകൾ വീതം ജോടികളായി എഴുതണം.

ഉദാ: 412, 542

2432, 4872 എന്നിങ്ങനെ

### Procedure

ഏറ്റക്കുറച്ചിൽ ഇല്ലാത്ത ശബ്ദത്തിൽ 3 അക്ക സംഖ്യ മുതൽ ഒരു തവണ വായിച്ച് കേൾപ്പിക്കുക, കാർഡ് കാണിക്കുക. വായിച്ചു തീർന്ന ഉടൻ സംഖ്യ എഴുതാൻ ആവശ്യപ്പെടുക. ഇതേ രീതിയിൽ 5 അക്കങ്ങൾ, 6 അക്കങ്ങൾ എന്നിങ്ങനെ തുടരുക. ശരിയായി എഴുതിയിട്ടില്ലെങ്കിൽ

അതേ എണ്ണം അക്കങ്ങൾ വരുന്ന ജോടി സംഖ്യ വായിക്കുക. ജോടിയിലെ രണ്ടക്കങ്ങളും ശരിയായി എഴുതിയിട്ടില്ലെങ്കിൽ നിർത്തുക. പരീക്ഷണം 3 തവണ ആവർത്തിക്കുക. രേഖപ്പെടുത്തുക.

**Analysis and conclusion**

- ഗ്രൂപ്പിലെ അംഗങ്ങളുടെ വിവരങ്ങൾ ഗ്രാഫിൽ രേഖപ്പെടുത്തി താരതമ്യ പഠനത്തിന് വിധേയമാക്കുക.
- ഏറ്റവും കൂടുതൽ സ്കോറും കുറഞ്ഞ സ്കോറും ആരൊക്കെ നേടി എന്ന് കണ്ടെത്തുക.